സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

**Independent Daily**

പൂത്തോൾ, തൃശൂർ – 680004



സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com



www.swathanthramandapam.com വാള്യം: 59 ലക്കം: 160 2024 ഒക്ടോബർ 09 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in


## മുഖ്യമന്ത്രിക്കെതിരായ പരാമർശം നാക്കുപിഴ; മാപ്പ് പറഞ്ഞ് പി.വി. അൻവർ

തിരു: മുഖ്യമന്ത്രിയുടെ അപ്പന്റെ അപ്പനായാലും മറുപടിയെന്ന് പറഞ്ഞതിന് മാപ്പ് പറഞ്ഞ് അൻവർ. മുഖ്യമന്ത്രിയുടെ മുകളിലുള്ള ആരായാലും മറുപടി പറയുമെന്നാണ് ഉദ്ദേശിച്ചതെന്നും അൻവർ. അതേസമയം, പി.വി.അൻവർ ഇനി പ്രത്യേക ബ്ലോക്കായി നിയമസഭയിൽ ഇരിക്കും. അൻവറിന്റെ സീറ്റ് ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും ഇടയിൽ നാലാംനിരയിൽ നൽകാൻ സ്പീക്കർ നിർദേശിച്ചു. അൻവറിന്റെ കത്ത് പരിഗണിച്ചാണ് നടപടി.ഇടതുപക്ഷത്തു നിന്ന് മാറിയ അൻവറിന് പ്രതിപക്ഷനിരയിൽ സീറ്റ് അനുവദിച്ചെങ്കിലും അത് വേണ്ടെന്ന് അദ്ദേഹം സ്പീക്കറെ അറിയിച്ചിരുന്നു. വേറെ സീറ്റ് നൽകിയില്ലെങ്കിൽ നിലത്തിരിക്കുമെന്ന ഭീഷണിയും അൻവർ മുഴക്കിയിരുന്നു.

# ഫോൺ ചോർത്തൽ സംവിധാനത്തെ കുറിച്ച് അറിവില്ലെന്ന് അൻവറിന്റെ മൊഴി; ഗവർണർക്ക് മുഖ്യമന്ത്രിയുടെ വിശദീകരണം



കോഴിക്കോട്: പി.വി. അൻവർ എം.എൽ.എയുടെ ഫോൺ ചോർത്തൽ ആരോപണങ്ങളിൽ കോൾ ഇന്റർസെപ്ഷനിൽ ദുരുപയോഗം നടന്നിട്ടില്ലെന്ന്ചൂണ്ടിക്കാട്ടി ഗവർണർ ആരിഫ് മുഹമ്മദ് ഖാന് മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി നൽകി. ഫോൺ കോളുകൾ എങ്ങനെ ഇന്റർസെപ്റ്റ് ചെയ്യണമെന്നോ അതിനായി ഉപയോഗിക്കുന്ന സംവിധാനങ്ങളെക്കുറിച്ചും രീതികളെക്കുറിച്ചും തനിക്ക് അറിവില്ലെന്ന് അൻവർ മൊഴി നൽകിയതായി റിപ്പോർട്ടിൽ പറയുന്നു.

എം.എൽ.എയുടെ ഫോൺ ചോർത്തൽ ആരോപണങ്ങളിൽ എ.ഡി.ജി.പി. (ഇന്റലിജൻസ്), ഡി.ഐ.ജി. (എ.ടി. എസ്.), തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി. എന്നിവർ മുഖേന വിശദമായ അന്വേഷണം നടത്തി. അന്വേഷണത്തിന്റെ ഭാഗമായി ഷൊർണൂർ റസ്റ്റ് ഹൗസിൽവെച്ച് തൃശ്ശൂർ ഡി.ഐ.ജി എം.എൽ.എയുടെ മൊഴി രേഖപ്പെടുത്തി. ഫോൺ കോളുകൾ എങ്ങനെ ഇന്റർസെപ്റ്റ് ചെയ്യുമെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടപ്പോൾ മറ്റൊരു ഫോൺ ഉപയോഗിച്ച് വാട്ട്സ്ആപ്പിലൂടെ തന്റെ ഫോണിൽ വന്ന ഫോൺകോളുകൾ റെക്കോർഡ് ചെയ്യുക മാത്രമാണ് ഇന്റർസെപ്ഷൻ കൊണ്ട് ഉദ്ദേശിച്ചതെന്ന് എം.എൽ.എ. മറുപടി നൽകിയതായി റിപ്പോർട്ടിൽ പറയുന്നു.

01.01.2022 മുതൽ 10.09.2024 വരെയുള്ള കാലയളവിൽ വയനാട്, കോഴിക്കോട് റൂറൽ, മലപ്പുറം ജില്ലകളിലെ ചില പോലീസ് ഉദ്യോഗസ്ഥർ, സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് & ആന്റി ടെററിസ്റ്റ് സ്ക്വാഡ് എന്നിവർ മന്ത്രിമാരുടെയും രാഷ്ട്രീയക്കാരുടെയും ഫോൺ ചോർത്തിയെന്ന ആരോപണത്തിൽ എം.എൽ.എമാരുടെയോ മന്ത്രിമാരുടെയോ മറ്റേതെങ്കിലും രാഷ്ട്രീയ നേതാക്കളുടെയോ ടെലിഫോൺ നമ്പറുകൾ ചോർത്തിയിട്ടില്ലെന്ന് വ്യക്തമായതായി റിപ്പോർട്ടിൽ പറയുന്നു.

നിയമവ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ദേശീയ സുരക്ഷയെയും പൊതുസമാധാനത്തെയും ബാധിക്കുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സംസ്ഥാനത്ത് നടത്തുന്ന എല്ലാ കോൾ ഇന്റർസെപ്ഷനുകളും നിയമപരമായാണ് ചെയ്യുന്നത്. ഈ സൗകര്യം ഒരു തരത്തിലും ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ മതിയായ പരിശോധനകൾ നടത്തുന്നുണ്ടെന്നും ഗവർണർക്ക് അയച്ച കത്തിൽ ചൂണ്ടിക്കാണിക്കുന്നു.

നിയമവിരുദ്ധമായ ഒരു പ്രവൃത്തിയും ഈ സർക്കാർ ഒരിക്കലും വെച്ചുപൊറുപ്പിക്കില്ല. നിയമവാഴ്ച ഉയർത്തിപ്പിടിക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരളത്തിൽ ആരും അനധികൃതമായി അധികാരം ഉപയോഗിച്ചിട്ടില്ലെന്ന് ഉറപ്പിക്കാമെന്നും റിപ്പോർട്ടിൽ പറയുന്നു. എം.എൽ.എയുടെ ഫോൺ ചോർത്തൽ ആരോപണത്തിൽ തോമസ് കെ. പീലിയാനിക്കൽ എന്ന വ്യക്തിയുടെ പരാതിയിൽ കറുകച്ചാൽ പോലീസ് സ്റ്റേഷനിൽ എഫ്ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടി വിശദീകരിക്കാൻ ആവശ്യപ്പെട്ടായിരുന്നു മുഖ്യമന്ത്രിക്ക് ഗവർണർ കത്ത് നൽകിയത്. പുറത്തുവന്ന സംഭാഷണങ്ങളിൽ പോലീസ് ഉദ്യോഗസ്ഥരും ക്രിമിനലുകളും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നതാണ്. സ്വന്തം നിലയ്ക്ക് ഫോൺ ചോർത്തിയെന്ന അൻവറിന്റെ കുറ്റസമ്മതം ഗൗരവത്തോടെ കാണണമെന്നും ഗവർണർ ആവശ്യപ്പെട്ടിരുന്നു.

എ.ഡി.ജി.പിയുടെ നേതൃത്വത്തിൽ മന്ത്രിമാരുടെ അടക്കം ഫോൺ ചോർത്തിയെന്ന് അൻവർ ആരോപിച്ചിരുന്നു. താനും ഫോൺ ചോർത്തിയെന്ന് അൻവർ തുറന്നുപറയുകയും ചെയ്തിരുന്നു. മലപ്പുറം പോലീസിലെ മോഹൻദാസ് എന്ന ഉദ്യോഗസ്ഥനെ എസ്.പി. സുജിത്ദാസ് ഫോൺ ചോർത്തലിന് ഉപയോഗിച്ചതായും അൻവർ ആരോപിച്ചിരുന്നു.

## നടൻ ടി.പി. മാധവൻ അന്തരിച്ചു



കൊല്ലം: നടൻ ടി.പി. മാധവൻ (88) അന്തരിച്ചു. കൊല്ലത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. ആരോഗ്യനില മോശമായതിനെ തുടർന്ന് കഴിഞ്ഞ ദിവസമാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. തുടർന്ന് വെന്റിലേറ്ററിലേക്ക് മാറ്റുകയായിരുന്നു.

വർഷങ്ങളായി കൊല്ലം പത്തനാപുരം ഗാന്ധി ഭവനിലെ അന്തേവാസിയായിരുന്നു. 'അമ്മ'യുടെ ആദ്യ ജനറൽ സെക്രട്ടറിയായിരുന്ന ടി. പി. മാധവൻ അറുനൂറിലധികം ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്.

തിരുവനന്തപുരത്തെ ഒരു ലോഡ്ജ് മുറിയിൽ ആശ്രയമില്ലാതെ കഴിയുമ്പോഴാണ് സീരിയൽ സംവിധായകൻ പ്രസാദ്, മാധവനെ ഗാന്ധിഭവനിൽ എത്തിക്കുന്നത്. ഗാന്ധിഭവനിൽ എത്തിയ ശേഷം ചില സീരിയലുകളിലും സിനിമകളിലും അദ്ദേഹം അഭിനയിച്ചു. പിന്നീട് മറവിരോഗം ബാധിക്കുകയായിരുന്നു.

1975-ൽ പുറത്തിറങ്ങിയ രാഗം എന്ന ചിത്രത്തിലൂടെയാണ് അദ്ദേഹം ചലച്ചിത്ര മേഖലയിൽ എത്തുന്നത്. കളിക്കളം, നാടോടിക്കാറ്റ്, വിയറ്റ്നാം കോളനി, സന്ദേശം, ലേലം, അയാൾ കഥയെഴുതുകയാണ്, നരസിംഹം, പപ്പയുടെ സ്വന്തം അപ്പൂസ്, പുലിവാൽ കല്ല്യാണം, അനന്തഭദ്രം തുടങ്ങിയ ചിത്രങ്ങളിലും അഭിനയിച്ചിട്ടുണ്ട്.

# പൂരം കലക്കലിൽ എട്ട് വീഴ്ചകൾ

### സുരേഷ് ഗോപിക്ക് എഡിജിപി വഴി വെട്ടി: തിരുവഞ്ചൂർ




തിരു: തൃശ്ശൂർ പൂരപ്പറമ്പിൽ സംഘർഷം ഉണ്ടായപ്പോൾ കാണികളുടെ രക്ഷകനായി എൻ.ഡി.എ. സ്ഥാനാർഥി സുരേഷ് ഗോപിയെ ആക്ഷൻ ഹീറോയായി അവതരിപ്പിച്ചുവെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണൻ. മന്ത്രിമാർക്ക് ലഭിക്കാത്ത സൗകര്യം സുരേഷ് ഗോപിക്ക് ലഭിച്ചുവെന്നും പോലീസിന്റെ സഹായമില്ലാതെ ആംബുലൻസിൽ അദ്ദേഹത്തിന് പൂരപ്പറമ്പിലേക്ക് എത്താൻ കഴിയില്ലെന്നും അദ്ദേഹം ആരോപിച്ചു. തൃശ്ശൂർ പൂരം കലക്കൽ വിവാദത്തിൽ പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയം അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മന്ത്രിമാരായ കെ.രാജനും ആർ.ബിന്ദുവിനും ലഭിക്കാത്ത സൗകര്യം സുരേഷ് ഗോപിക്ക് ലഭിച്ചു. പോലീസിന്റെ സഹായമില്ലാതെ ആംബുലൻസിൽ എൻ.ഡി.എ. സ്ഥാനാർഥിക്ക് പൂരപ്പറമ്പിലേക്ക് എത്താൻ കഴിയില്ല. എഡിജിപി എം.ആർ. അജിത് കുമാർ ഉത്തരവ് നൽകാതെ ഇതിന് പോലീസ് അനുമതി നൽകുമോ? സുരേഷ് ഗോപിക്ക് വഴിവെട്ടിക്കൊടുക്കുകയാണ് എഡിജിപി ചെയ്തത്'- അദ്ദേഹം വിമർശിച്ചു.

പൂരം നടത്തിപ്പിൽ സർക്കാരിനുണ്ടായ പ്രധാന എട്ട് വീഴ്ചകളേയും തിരുവഞ്ചൂർ സഭയിൽ വിശദീകരിച്ചു. പൂരത്തിനെത്തിയ ജനക്കൂട്ടത്തെ ശത്രുക്കളായി കണ്ടാണ് പോലീസ് കൈകാര്യം ചെയ്തത്. ഒരു അനുഭവ പരിചയവുമില്ലാത്ത വ്യക്തിയെ സിറ്റി പോലീസ് കമ്മീഷ്ണറാക്കിയത് സംസ്ഥാന സർക്കാരാണ്. ദേവസ്വം ബോർഡ് ജീവനക്കാരെ ഉൾപ്പടെ തടഞ്ഞത് ബോധപൂർവം ആരോ പൂരം കലക്കി എന്നതിന് തെളിവാണെന്നും അദ്ദേഹം ആരോപിച്ചു.

പൂരം കലക്കലിൽ പോലീസ് അന്വേഷണം പ്രഹസനമാണെന്നും ജുഡീഷ്യൽ അന്വേഷണം വേണം എന്നുമുള്ള പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയത്തിന്മേലുള്ള ചർച്ച സഭയിൽ പുരോഗമിക്കുകയാണ്. സഭാസമ്മേളനം ആരംഭിച്ച് തുടർച്ചയായ മൂന്നാം ദിവസമാണ് വിവാദ വിഷയങ്ങളിൽ പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയ ചർച്ചയ്ക്ക് സർക്കാർ അനുമതി നൽകുന്നത്.

## ഡിസംബറിൽ 0.25% നിരക്ക് കുറച്ചേക്കും

മുംബൈ: തുടർച്ചയായി പത്താം തവണയും റിസർവ് ബാങ്ക് നിരക്കിൽ മാറ്റംവരുത്തിയില്ല. അതേസമയം, അടുത്ത തവണ നിരക്ക് കുറച്ചേക്കുമെന്ന വ്യക്തമായ സൂചനയും ആർ.ബി.ഐ ഗവർണർ ശക്തികാന്ത ദാസ് നൽകി. പണനയ നിലപാട് 'ഉൾക്കൊള്ളാവുന്നതിൽനിന്ന് നിഷ്പക്ഷം' (ന്യൂട്രൽ) ആക്കിയെന്നതാണ് ശ്രദ്ധേയം. വിലക്കയറ്റം നിലവിലെ രീതിയിലാണെങ്കിൽ പോലും അടുത്ത തവണ നിരക്ക് കുറയ്ക്കുമെന്നതിന്റെ വ്യക്തമായ സൂചനയാണിത്.

ബുദ്ധിമുട്ടിയാണ് പണപ്പെരുപ്പത്തെ പിടിച്ചുകെട്ടാനായത്, എന്നാൽ അതിനെ നിയന്ത്രണത്തിലാക്കാൻ ജാഗ്രത ആവശ്യമാണെന്ന ആർബിഐ ഗവർണറുടെ വാക്കുകൾ നൽകുന്നതും അതേ സൂചനയാണ്. പണപ്പെരുപ്പം നിയന്ത്രിക്കാൻ നടത്തിയ പോരാട്ടത്തിന്റെ വലിയൊരു ഭാഗം അവസാനിച്ചുവെന്ന ധാരണ ആർബിഐയ്ക്കുണ്ട്. മറ്റൊരുതരത്തിൽ പറഞ്ഞാൽ നിരക്ക് കുറയ്ക്കലിന്റെ പാതയിലേക്ക് പ്രവേശിക്കാറായി എന്ന് ചുരുക്കം.

ഇന്ത്യൻ സമ്പദ്വ്യവസ്ഥ സ്ഥിരതയുടെയും കരുത്തിന്റെയും ചിത്രം പ്രകടിപ്പിക്കുന്നുവെന്ന ആർ.ബി.ഐ ഗവർണറുടെ പരാമർശം ശുഭാപ്തി വിശ്വാസത്തിന്റെ തെളിവായി കാണാമെന്ന് ജിയോജിത് ഫിനാൻഷ്യൽ സർവീസസിലെ ഡോ. വി. കെ വിജയകുമാർ നിരീക്ഷിക്കുന്നു. ഡിസംബറിൽ നടക്കാനിരിക്കുന്ന അടുത്ത പണനയ യോഗത്തിൽ കാൽ ശതമാനം നിരക്ക് കുറയ്ക്കാനുള്ള സാധ്യത ഏറെയാണ്. ഓഹരി വിപണിക്ക്, പ്രത്യേകിച്ച് ബാങ്ക് ഓഹരികൾക്ക് ഇത് അനുകൂലമാണെന്നും അദ്ദേഹം വിലയിരുത്തുന്നു.

പണപ്പെരുപ്പം ആർബിഐയുടെ ക്ഷമതാ പരിധിക്ക് താഴെ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഭക്ഷ്യ വിലക്കയറ്റം പിടിച്ചു നിർത്താനായിട്ടില്ലെന്നത് വെല്ലുവിളിയാണ്. ഉപഭോക്തൃ വില സൂചിക കണക്കാക്കുന്നതിന് പരിഗണിക്കുന്ന വസ്തുക്കളിൽ ഭക്ഷ്യവിഭാഗത്തിന്റെ വിഹിതം 46 ശതമാനമാണ്. പച്ചക്കറി വില ഉയരുന്നത് മൊത്തത്തിലുള്ള ഭക്ഷ്യ സൂചികയെ കാര്യമായി സ്വാധീനിക്കും. വിതരണ ശൃംഖല, വിളവ്, മഴ എന്നിവ ഉൾപ്പടെയുള്ളവയാണ് ഭക്ഷ്യവിലക്ക് ആധാരം.

ഇസ്രായേൽ-ഇറാൻ സംഘർഷം ഉയർത്തിയേക്കാവുന്ന ഭൗമരാഷ്ട്രീയ പ്രതിസന്ധിയാണ് മറ്റൊന്ന്. യുദ്ധം വ്യാപിച്ചാൽ അസംസ്കൃത എണ്ണവില ഉയരുമെന്ന കാര്യത്തിൽ സംശയമില്ല. ആവശ്യകതയുടെ 80 ശതമാനവും ഇറക്കുമതിയെ ആശ്രയിക്കുന്നതിനാൽ ഇന്ത്യക്ക് ഈ പ്രതിസന്ധിയിൽനിന്ന് വിമുക്തമാകാനാവില്ല. ക്രൂഡ് വിലക്കൊപ്പം പണപ്പെരുപ്പവും ഉയരും.

അതേസമയം വളർച്ചാ സാധ്യത വേണ്ടെന്നുവെക്കാൻ ദീർഘകാലം ആർ.ബി.ഐക്ക് കഴിയുകയുമില്ല. സമ്പദ്വ്യവസ്ഥയുടെ വളർച്ച അതിന്റെ കഴിവിനേക്കാൾ താഴെയാണെന്നതും യഥാർഥ പലിശ നിരക്കിനേക്കാൾ നിലവിലേത് കൂടുതലാണെന്നതും നേരത്തെ പലതവണ പണനയ സമിതി അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. തൊഴിൽ സാഹചര്യവും അത്രതന്നെ മികച്ചതല്ല.

അതോടൊപ്പം യുഎസ് കേന്ദ്ര ബാങ്കിന്റെ നിരക്ക് കുറയ്ക്കലും പരിഗണിക്കാതിരിക്കാനാവില്ല. അര ശതമാനമാണ് യുഎസ് ഫെഡ് കുറച്ചത്. ഫെഡിനെ പരോക്ഷമായെങ്കിലും പിന്തുടരുന്ന ആർ.ബി.ഐക്ക് ഏറെക്കാലം അത് അവഗണിക്കാനുമാവില്ല.

ഡിസംബറിലെ യോഗത്തിന് മുമ്പായി സെപ്റ്റംബറിലെയും ഒക്ടോബറിലെയും പണപ്പെരുപ്പ നിരക്കുകൾ പരിഗണനയ്ക്കുവരും. രണ്ട് മാസത്തെയും പണപ്പെരുപ്പം ആർ.ബി.ഐയുടെ പ്രതീക്ഷക്കൊപ്പം നിൽക്കുകയാണെങ്കിൽ ഡിസംബറിൽ 0.25 ശതമാനമെങ്കിലും നിരക്ക് കുറയ്ക്കൽ പ്രതീക്ഷിക്കാം.

## ഓർഡർ ചെയ്താൽ 15 മിനിട്ടിനുള്ളിൽ സാധനം കൈയിലെത്തും, ഒപ്പം വൻ വിലക്കുറവും: പുതിയ പദ്ധതിയുമായി റിലൻസ്

മുംബൈ: ഏതെങ്കിലും ഒരു രംഗത്ത് ചുവടുവച്ചുകഴിഞ്ഞാൽ ആ രംഗം മുഴുവൻ പിടിച്ചടക്കി തങ്ങളുടേത് മാത്രമാക്കുന്ന രീതിയാണ് റിലയൻസിന്റേത്. ജിയോ തന്നെയാണ് അതിന് ഏറ്റവും നല്ല ഉദാഹരണം. വളർച്ചയുടെ പടവുകൾ മാത്രം താണ്ടിക്കൊണ്ടിരിക്കുന്ന റിലയൻസ് സാധാരണക്കാരുമായി നേരിട്ട് ഇടപഴകുന്ന മറ്റൊരു മേഖലയിൽക്കൂടി സാന്നിദ്ധ്യമുറപ്പിക്കാനുള്ള ശ്രമത്തിലാണെന്നാണ് റിപ്പോർട്ട്. പലചരക്ക് സാധനങ്ങൾ ഉൾപ്പെടെയുള്ള നിത്യോപയോഗ വസ്തുക്കൾ അതിവേഗം ഉപഭോക്താക്കൾക്ക് മുന്നിലെത്തിക്കുന്ന ക്വിക്ക് കൊമേഴ്സ് രംഗത്ത് ചുവടുറപ്പിക്കാൻ റിലയൻസ് ശ്രമിക്കുന്നു എന്നാണ് റിപ്പോർട്ട്. നിലവിൽ ബ്ലിങ്കിറ്റ്, സ്വിഗ്ഗി ഇൻസ്റ്റാമാർട്ട്, ബിഗ്ബാസ്ക്കറ്റ് എന്നിവയാണ് ഈ രംഗത്തുള്ള വമ്പന്മാർ. ഇന്ത്യയിൽ ക്വിക്ക് കൊമേഴ്സ് അതിവേഗം വളരുകയാണ്. ഈ അനുകൂല സാഹചര്യം പരമാവധി പ്രയോജനപ്പെടുത്താനാണ് റിലയൻസിന്റെ ശ്രമം.

ക്വിക്ക് കൊമേഴ്സ് രംഗത്ത് ചുവടുവയ്ക്കുന്നിതിന്റെ പ്രാരംഭ പ്രവർത്തനമെന്നോണം റിലയൻസ് ഇതിനകം ജിയോമാർട്ട് വഴി നവിമുംബയിലും ബംഗളൂരുവിലും പൈലറ്റ് പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇപ്പോൾ രണ്ടിടങ്ങളിൽ മാത്രമാണ് തുടങ്ങിയതെങ്കിലും സമീപഭാവിയിൽ തന്നെ രാജ്യവ്യാപകമായി മാറ്റാനുള്ള ശ്രമത്തിലാണ് റിലയൻസ്. ഈ മാസം അവസാനത്തോടെ 1,150 നഗരങ്ങളിൽ സേവനം ലഭ്യമാക്കാനാണ് കമ്പനി ഒരുങ്ങുന്നത്.

ആദ്യഘട്ടത്തിൽ പലചരക്ക് രംഗത്തായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുക. തുടർന്ന് സ്മാർട്ട് ഫോണുകൾ, ലാപ്ടോപ്പുകൾ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളും ഫാഷൻ, സൗന്ദര്യ വർദ്ധക വസ്തുക്കളും ഞൊടിയിടയ്ക്കുള്ളിൽ വീട്ടുപടിക്കലെത്തിക്കാനുള്ള പദ്ധതിയും നടപ്പാക്കും. തങ്ങളുടെ വിശാലമായ നെറ്റ് വർക്ക് ഉപയോഗിച്ച് എതിരാളികൾക്ക് ആലോചിക്കാൻ പോലുമാകാത്ത വേഗത്തിൽ ഉപഭോക്താക്കൾക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കാൻ റിലയൻസിന് കഴിയും.

ഒരു ഓർഡർ ലഭിച്ചുകഴിഞ്ഞാൽ പരമാവധി പതിനഞ്ചു മിനിട്ടിനുള്ളിൽ സാധനം ഡെലിവറി ചെയ്യുകയാണ് ലക്ഷ്യം. നാമമാത്രമായ ഡെലിവറി ചാർജ് മാത്രമായിരിക്കും ഈടാക്കുക. ഇതിലൂടെ ഉല്പന്നത്തിന് പരമാവധി വിലകുറച്ച് നൽകാനും കഴിയും. ചിലപ്പോൾ ഡെലിവറി ചാർജ് പൂർണമായും ഒഴിവാക്കിയേക്കും എന്നും റിപ്പോർട്ടുണ്ട്. മറ്റുകമ്പനികൾക്കൊന്നും ഇത് ആലോചിക്കാൻ പോലും ആകില്ല.

ബ്ലിങ്കിറ്റ്, സ്വിഗ്ഗി ഇൻസ്റ്റാമാർട്ട്, ബിഗ്ബാസ്ക്കറ്റ് തുടങ്ങിയ കമ്പനികൾ ക്വിക്ക് കൊമേഴ്സ് രംഗത്ത് കടന്നുവന്നതോടെ പരമ്പരാഗത സൂപ്പർമാർക്കറ്റുകൾക്ക് കനത്ത തിരിച്ചടിയാണ് നേരിട്ടത്.

പലതും ജീവനക്കാരെയും ഔട്ട്ലെറ്റുകളെയും കുറച്ച് പിടിച്ചുനിൽക്കാനുള്ള ഭഗീരഥ പ്രയത്നത്തിലാണ്. റിലയൻസ് കൂടി ക്വിക്ക് കൊമേഴ്സ് രംഗത്തേക്ക് കടന്നുവരുന്നതോടെ ഇതിൽ പലതിനും പൂട്ടുവീണേയ്ക്കും.

# കശ്മീരിൽ ഭീകരർ തട്ടിക്കൊണ്ടുപോയ സൈനികനെ കൊലപ്പെടുത്തി

അനന്ത്നാഗ്: ജമ്മു കശ്മീരിലെ അനന്ത്നാഗ് ജില്ലയിൽ ഭീകരവാദികൾ തട്ടിക്കൊണ്ടുപോയ സൈനികനെ കൊലപ്പെടുത്തി. ചൊവ്വാഴ്ച ഭീകരവാദികൾ തട്ടിക്കൊണ്ടുപോയ സൈനികരിൽ ഒരാളുടെ മൃതദേഹമാണ് മണിക്കൂറുകൾക്ക് ശേഷം വെടിയേറ്റ നിലയിൽ ഇന്ന് രാവിലെ കണ്ടെത്തിയത്. അനന്ത്നാഗ് സ്വദേശി കൂടിയായ ഹിലാൽ അഹമ്മദ് ഭട്ട് ആണ് വീരമൃത്യു വരിച്ചത്.

കൊക്കർനാഗിലെ വനമേഖലയിൽ നിന്നാണ് മൃതദേഹം കണ്ടെത്തിയത്. ടെറിറ്റോറിയൽ ആർമിയിലെ രണ്ട് സൈനികരെയാണ് വോട്ടെണ്ണൽ ദിനമായ ചൊവ്വാഴ്ച തീവ്രവാദികൾ തട്ടിക്കൊണ്ടുപോയത്.

ടെറിട്ടോറിയൽ ആർമിയുടെ തീവ്രവാദ വിരുദ്ധ ഓപ്പറേഷനിടെയാണ് 161 യൂണിറ്റിലെ രണ്ട് സൈനികരെ അനന്ത്നാഗിലെ വനമേഖലയിൽ നിന്ന് ഭീകരർ തട്ടിക്കൊണ്ടുപോയത്. സൈനികരിൽ ഒരാൾ തന്ത്രപൂർവം രക്ഷപ്പെട്ടു. പിന്നാലെ സുരക്ഷാസേന സൈനികർക്കായി തിരിച്ചിൽ തുടങ്ങിയിരുന്നു.

ഇതിനിടെയാണ് രണ്ടാമത്തെ സൈനികനെ വനമേഖലയിൽ കൊലപ്പെടുത്തിയ നിലയിൽ കണ്ടെത്തിയത്. ശരീരത്തിൽ വെടിയുണ്ടകളേറ്റതിന്റെയും കുത്തേറ്റതിന്റെയും മുറിവുകളുണ്ടെന്നാണ് റിപ്പോർട്ടുകൾ. രക്ഷപെടുന്നതിനിടയിൽ പരിക്കേറ്റ സൈനികനെ ആവശ്യമായ ചികിത്സയ്ക്കായി ആശുപത്രിയിലേക്ക് മാറ്റിയിരുന്നു. അദ്ദേഹത്തിന്റെ ആരോഗ്യനിലയിൽ ആശങ്കപ്പെടേണ്ടതില്ലെന്ന് സൈനിക ഉദ്യോഗസ്ഥർ അറിയിച്ചു.

## കട വരാന്തയിൽ യുവാവ് ഷോക്കേറ്റ് മരിച്ച സംഭവം; കെഎസ് ഇ ബി ജീവനക്കാർക്കെതിരേ നടപടി ആവശ്യപ്പെട്ട് കുടുംബം

കോഴിക്കോട്: കട വരാന്തയിൽ യുവാവ് ഷോക്കേറ്റ് മരിച്ച സംഭവത്തിൽ കെഎസ്ഇബി ജീവനക്കാർക്ക് അനാസ്ഥയുണ്ടെന്ന് റിപ്പോർട്ട് പുറത്തുവന്നതോടെ കുറ്റക്കാരായ ജീവനക്കാർക്കെതിരെ നടപടി ആവശ്യപ്പെട്ട് കുടുംബം. ഓവർസിയർ ഉൾപ്പടെ മൂന്ന് ജീവനക്കാരുടെ ജാഗ്രതക്കുറവ് അപകടത്തിന് കാരണമായെന്നാണ് ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിന്റെ കണ്ടെത്തൽ. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ ഉടൻ നടപടികൾ സ്വീകരിക്കണമെന്നാണ് റിജാസിന്റെ കുടുംബം ആവശ്യപ്പെടുന്നത്.

വീട്ടിലേക്ക് പോകുന്നതിനിടെ ബൈക്ക് കേടായതിനെ തുടർന്ന് മഴ നനയാതിരിക്കാൻ സ്വകാര്യ കെട്ടിടത്തിന്റെ വരാന്തയിലേക്ക് കയറി നിന്നപ്പോഴാണ് കെട്ടിടത്തിന്റെ തൂണിൽ നിന്നും ഷോക്കേറ്റ് കുറ്റിക്കാട്ടൂർ ആനക്കുഴിക്കര സ്വദേശി മുഹമ്മദ് റിജാസ് മരിച്ചത്. കഴിഞ്ഞ മെയ് 20നായിരുന്നു സംഭവം. തൂണിലൂടെ വൈദ്യുതി പ്രവഹിക്കുന്നത് അധികൃതരെ അറിയിച്ചിട്ടും നടപടി ഉണ്ടായില്ലെന്ന് കടയുടമ ആരോപിച്ചിരുന്നു.

സർവീസ് വയറിൽ നിന്നുള്ള വൈദ്യുതി ചോർച്ചയാണ് ഷോക്കേൽക്കാനിടയാക്കിയതെന്നും കടയിലേക്കുള്ള സർവീസ് വയറിന് സുരക്ഷാ പ്രശ്നം ഉണ്ടായിരുന്നെന്നും റിപ്പോർട്ടിലുണ്ട്. ഉപഭോക്താവ് പരാതിപ്പെട്ടിട്ടും സർവീസ് ലൈനിന്റെ തകരാർ കണ്ടെത്തി പരിഹരിക്കാത്തത് കെഎസ്ഇബിയുടെ വീഴ്ചയാണെന്നും റിപ്പോർട്ടിൽ പറയുന്നു. കെഎസ്ഇബിക്കെതിരെ ആരോപണം ഉയർന്നുവന്നതോടെ ആരോപണവിധേയരായ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിരുന്നു. റിപ്പോർട്ട് ലഭിച്ചതിന് ശേഷമേ മറ്റുനടപടികൾ സ്വീകരിക്കാനാവൂ എന്നാണ് അന്ന് വകുപ്പ് മന്ത്രി അറിയിച്ചത്.


## നിര്യാതനായി



**ഡോ. കെ എസ് നന്ദലാൽ**

(പ്രൊഫ. തൈക്കാട്ടുശ്ശേരി വൈദ്യരത്നം ആയുർവേദ കോളേജ് തിരുവുള്ളക്കാവ്

എന്റെ പ്രിയ ഭർത്താവ് ഒല്ലൂർ തൈക്കാട്ടുശ്ശേരി വൈദ്യരത്നം ആയുർവേദ കോളേജ് പ്രൊഫ. കെ എസ് നന്ദലാൽ (58) നിര്യാതനായ വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു. തിരുവുള്ളക്കാവ് ടോപ്പ് ഗാർഡൻസിൽ ശ്രീരംഗം (കോണിക്കൽ) പരേതരായ ശിവരാമൻനായരുടെയും ശങ്കരിയമ്മയുടെയും മകനാണ്.

സംസ്കാര കർമ്മം നാളെ (10-10-2024 വ്യാഴാഴ്ച) ഉച്ചക്ക് 2 മണിക്ക് പാറമേക്കാവ് ശാന്തിഘട്ടിൽ.

എന്ന്, ഭാര്യ: ഡോ. മായാരോഷ്ണി
(ഗവ. ആയുർവേദ ആശുപത്രി, അന്തിക്കാട്)

മക്കൾ: നമിത, ഡോ. നീരജ്
മരുമകൻ: ശങ്കർ (യു എസ് എ)
മറ്റുകുടുംബാംഗങ്ങൾ

ബന്ധുമിത്രാദികൾ ഇതൊരറിയിപ്പായി കണക്കാക്കാൻ അപേക്ഷ



**VEHICLE FOR SALE**


**SHRIRAM FINANCE LTD.**

2nd Floor Mega Mall, Main Road,
OTTAPALAM
Phone: 0466 2244121

| Vehicle No | Vehicle Description | Year of manu-facturing |
|---|---|---|
| KL51F-6791 | MAHINDRA MAXXIMO PLUS | 2015 MODEL |



18th Death Anniversary



**A.P. ANTONY**
(1922-2006)
AYNIKKAL, KUNDOOR, MALA.

*"You will always live in our hearts;
Your memories will always spread light in our path"*

